പോലീസുകാർ ഉൾപ്പെടെയുള്ളതിന്റെ കണക്കെടുത്തുകൊണ്ട് അതിന്റെ മൂന്ന് ശതമാനത്തിൽ ഒരു ശതമാനം ഇവർക്കുകൂടി കൊടുക്കണമെന്നുള്ളതാണ് അവരുടെ പ്രധാനപ്പെട്ട ആവശ്യം. പക്ഷേ ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലൊന്നും അങ്ങനെയല്ല. ചില മേഖലകളിൽ അവർക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല. അപ്പോൾ അവരുടെ പ്രത്യേക കാറ്റഗറി എടുത്ത് അത് കൂടുതലാക്കി, 245 തസ്തിക ഇപ്പോൾ കൂടുതലായി എടുത്തിട്ടുണ്ട്. അതുകൊണ്ട് ഇവർക്ക് കൃത്യമായി ആരുടേയും ഔദാര്യമില്ലാതെ കേന്ദ്ര നിയമമനുസരിച്ച് 1:1:1 എന്ന തോതിൽ പി. എസ്. സി. മുഖേന നിയമനം നടത്തിക്കഴിഞ്ഞിട്ടുണ്ട്. പക്ഷേ അവർ പറയുന്നത് ന്യായമാണോ അല്ലയോ എന്നൊക്കെ പരിശോധിക്കാം. നമുക്ക് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അവരുമായി ചർച്ച നടന്നുകഴിഞ്ഞ സാഹചര്യത്തിൽ അവർക്ക് സമരം പിൻവലിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: യേസ്.....അത് പരിശോധിക്കാം

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അവർ സമരം തുടങ്ങിയിട്ട് കുറെ ദിവസങ്ങളായി. ബന്ധപ്പെട്ട വകുപ്പുമന്ത്രി എന്നുള്ള നിലയിൽ അവരെ വിളിച്ച് ചർച്ച ചെയ്ത് അവരുടെ പ്രശ്നങ്ങൾ കേട്ടശേഷം ഗവൺമെന്റിന് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യാനും ചെയ്യാൻ പറ്റാത്തത് എന്തുകൊണ്ടാണ് പറ്റാത്തത് എന്ന് അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്ത് അവരുടെ സമരം ഒന്ന് അവസാനിപ്പിക്കാൻ മുൻകൈ എടുക്കണം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: അവർ ഇന്നലെ തന്നെ ഞാനുമായി സംസാരിച്ചിട്ടുണ്ട്, ഞാൻ ഈ കാര്യം പറഞ്ഞു, ചില മേഖലകളിലേക്ക് അവർക്ക് സേവനം നൽകാൻ പറ്റില്ല എന്ന് പറഞ്ഞു. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഇന്നലെയാണ് അവർ കണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് സമരം അവസാനിപ്പിക്കാവുന്നതേയുള്ളു. ഇനിയും വിളിക്കണമെങ്കിൽ തീർച്ചയായിട്ടും വിളിച്ച് ചർച്ച നടത്താം.

ശ്രീ. ഉമ്മൻ ചാണ്ടി: ഇന്ന് തന്നെ അവരെ വിളിച്ച് ഉദ്യോഗസ്ഥരുമൊരുമിച്ചിരുന്ന് ചർച്ച ചെയ്ത് ഈ സമരം അവസാനിപ്പിക്കാൻ അഭ്യർത്ഥിക്കണം. അവർക്ക് ചെയ്ത് കൊടുക്കാവുന്ന കാര്യങ്ങൾ ചെയ്ത് കൊടുക്കുകയും വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.....അവരെ വിളിക്കാം.....

(27) കലാ-സാംസ്ക്കാരിക സർവ്വകലാശാല

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഒരു കലാ സാംസ്ക്കാരിക സർവ്വകലാശാല ആരംഭിക്കണം എന്നുള്ളതാണ് എന്റെ സബ്മിഷൻ. കേരളത്തിൽ, നമ്മുടെ മലയാളക്കരയിലുള്ള കലകൾ, സാഹിത്യം, സംസ്ക്കാരം എന്നിവ സുന്ദരവും ശ്രദ്ധേയവുമാണ്. ലോക വ്യാപകമായി അംഗീകാരമുള്ള ആയിരക്കണക്കായ കലകൾ, നമ്മുടെ സംസ്ഥാനത്തുണ്ട്. പ്രൗഢോജ്ജ്വലമായിട്ടുള്ള നമ്മുടെ തനത് കലകൾ പ്രോജ്ജ്വലിപ്പിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ പരിപോഷിപ്പിക്കുന്നതിനും നമ്മുക്ക് ഒരു സർവ്വകലാശാലയും ഒരു ഗവേഷണ കേന്ദ്രവും ആവശ്യമാണ്. അങ്ങ് ഈ കാര്യത്തിലൊക്കെ വളരെ തൽപ്പരനാണ് എന്നുള്ളത് എനിക്ക് അറിയാം. അതുകൊണ്ട് അങ്ങയുടെ കാലഘട്ടത്തിൽ ഇതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അങ്ങനെ ഒരു കലാസാംസ്ക്കാരിക സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള മനോഭാവം അങ്ങിൽ ഉണ്ടാവുകയാണെങ്കിൽ അതിന് പരിഗണിക്കപ്പെടാവുന്ന സ്ഥലമാണ് ഇരിങ്ങാലക്കുട. സാംസ്ക്കാരിക തലസ്ഥാനമായ തൃശ്ശൂരിലെ കൂത്തിന്റെയും കൂടിയാട്ടത്തിന്റെയും ഉത്ഭവസ്ഥലമാണ് ഇരിങ്ങാലക്കുട. ഉണ്ണായി വാര്യരുടെ നാമധേയത്തിലുള്ള ഉണ്ണായി വാര്യർ കലാനിലയം, യുനസ്കോയുടെ അംഗീകാരം നേടിയിട്ടുള്ളതാണ്, ഇരിങ്ങാലക്കുട അതിനൊക്കെ അനിയോജ്യമായ സ്ഥലമാണ്. അതുകൊണ്ട് അങ്ങ് ഒരു തുറന്ന സമീപനം സ്വീകരിക്കണം, ഇതിൽ ഒരു അനുകൂല നടപടി ഉണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, വളരെ പ്രധാനപ്പെട്ട ഒരു ആവശ്യമായതുകൊണ്ട് വിശദമായൊരു മറുപടി ഉണ്ട്, അത് അങ്ങയുടെ അനുമതിയോടുകൂടി സഭയുടെ മേശപ്പുറത്ത് വയ്ക്കുകയാണ്. രണ്ട് കാര്യങ്ങളാണ് പറയുന്നത്; ഒന്ന്, ഇപ്പോൾ തന്നെ നമുക്കൊരു സാംസ്ക്കാരിക സർവ്വകലാശാലയുണ്ട്, അതാണ് കേരള കലാമണ്ഡലം. അത് ഡീംഡ് യൂണിവേഴ്സിറ്റിയായിരിക്കുന്നു. എന്നാൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇരിങ്ങാലക്കുടയിലുള്ള ഉണ്ണായിവാര്യർ കലാകേന്ദ്രം ഉൾപ്പെടെയുള്ള പഠന കേന്ദ്രങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്താൻ വേണ്ട എല്ലാ നടപടികളും ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

(28) മട്ടാഞ്ചേരി ചേരി നിർമ്മാർജ്ജനം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, മട്ടാഞ്ചേരിയിലെ ചേരി നിവാസികൾ അനുഭവിക്കുന്ന വേദനയും പ്രയാസവുമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഈ അടുത്ത ദിവസം ചേരി നിവാസികൾ താമസിച്ചിരുന്ന അസ്റാജ് ബിൽഡിംഗ് ഇടിഞ്ഞുവീണു, ഭാഗ്യവശാൽ ആരും മരിച്ചില്ല. പക്ഷേ ഗവൺമെന്റും കോർപ്പറേഷനും ഞങ്ങളെല്ലാവരും കൂടി ഇടപെട്ട് അസ്റാജ് ബിൽഡിംഗ് നിന്ന സ്ഥലത്ത് ഒരു 30 സെന്റ് സ്ഥലം ഗവൺമെന്റിൽ നിന്ന് വാങ്ങി ഒരു ബഹുനില കെട്ടിടം പണിയാനുള്ള സംരംഭം തുടങ്ങിയിട്ടുണ്ട്, പക്ഷേ സ്പോൺസർഷിപ്പുവേണം. എന്തായാലും ജില്ലാ ഭരണകൂടത്തിന് കർശനമായ നിർദ്ദേശം കൊടുത്ത് അത് മോണിറ്ററിംഗ് നടത്താനുള്ള ഏർപ്പാട് ചെയ്തില്ലെങ്കിൽ തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ വളരെയധികം ബുദ്ധിമുട്ടുണ്ടാകും. അതുപോലെ വഖഫ് ബോർഡിന്റെ അധീനതയിലുള്ളതും ഇടിഞ്ഞുവീഴാറായതുമായ മഹാജനവാടി പോലുള്ള ചേരി പ്രദേശങ്ങൾക്കുകൂടി ഒരു പദ്ധതി ഗവൺമെന്റ് തയ്യാറാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly